# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

# സെന്റ്. ഫിലോമിനാസ് എൽ പി സ്കൂൾ കൂനമ്മാവ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

**1.** മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ **(**ഇംഗ്ലീഷ് ഭാഷാ പഠനം**)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3.** കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ-പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

## ക്ലാസ്: മൂന്ന്  വിഷയം: പരിസര പഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>• നട്ട വൃക്ഷതൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

## ലക്ഷ്യം : 2
## കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

## ലക്ഷ്യം : 3
## ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) |
| 2 | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി-മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |

## ക്ലാസ്: മൂന്ന്                                   വിഷയം: ഗണിതം

**ലക്ഷ്യം: 1**

**- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. |

**ലക്ഷ്യം: 2**

**- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |

ലക്ഷ്യം: 2

**- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

ലക്ഷ്യം: 3

## മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ | സമയ ചക്രം<br>• ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>• സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു |
| 1 | സെപ്റ്റംബർ - ഫെബ്രുവരി | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>• കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>• ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>• ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>• കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>• സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>• ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>• പ്രയാസങ്ങൾ ഗ്രൂപ്പിൽ / അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. |

ലക്ഷ്യം: 4

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡികണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |
| 1 | ജൂലൈ - മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം |

## 3 : മലയാളം മധുരം

**പ്രവർത്തന ലക്ഷ്യങ്ങൾ**

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

**ചുമതലകൾ**

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം** **PTA , BRC ( RS : 3000 )**

## 4 സംയുക്ത ഡയറി

-ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. _ ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം – CPTA ( RS : 2000 )

# 5 പാട്ടരങ്ങ്

## ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

<u>ചുമതല</u> -ക്ലാസ് ടീച്ചർ , രക്ഷിതാവ്

<u>സാമ്പത്തികം</u> – **BRC ( RS : 1000 )**

## 6 സചിത്ര പുസ്തകം.

- **ലക്ഷ്യപ്രസ്താവനകൾ** -

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർക്തൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - **ചുമതല** -ക്ലാസ് ടീച്ചർ, രക്ഷിതാവ് - **സാമ്പത്തികം** **CPTA ( RS : 5000 )**

## -7 റീഡേഴ്സ് തിയേറ്റർ

- **ലക്ഷ്യപ്രസ്താവനകൾ** -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- _ പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- _ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ ]

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരെഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- ചുമതല -ക്ലാസ് ടീച്ചർ.

- സാമ്പത്തികം -BRC RS ( 1000 )

# 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

- ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

- .- പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ **SRG** യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

**- PTA** യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ )

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ **to** മാർച്ച്)

ചുമതല **:** ക്ലാസ് ടീച്ചർ **, CPTA , SRG**

സാമ്പത്തികം : **CPTA , BRC ( RS : 1000 )**

## - 9 - ക്ലാസ് പത്രം

- _ <u>ലക്ഷ്യപ്രസ്താവനകൾ</u>

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- __ <u>പ്രവർത്തന ഘട്ടങ്ങൾ</u>

- - ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) <u>ചുമതല</u> -ക്ലാസ് ടീച്ചർ - <u>സാമ്പത്തികം</u> - PTA (RS :1000)

## 10 - രചനോത്സവം

- **ലക്ഷ്യപ്രസ്താവനകൾ**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- __ **പ്രവർത്തന ഘട്ടങ്ങൾ**;

- **SRG യിൽ അംഗീകാരം വാങ്ങുന്നു.**c **ജൂൺ രണ്ടാം വാരം**

- CPTA **യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ** 3-ാം **വാരം**

- **പ്രതിമാസ രചനോത്സവം ജൂലൈ** to **ഫെബ്രുവരി)**

- **രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ** 1 **മാർച്ച് )**

- **വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)**

**ചുമതല : ക്ലാസ്സ്ടീച്ചർ , CPTA**

**സാമ്പത്തികം** : **CPTA , BRC ( RS : 2000)**

## 11 വായനോത്സവം

## ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ ക്രൂലൈ - മാർച്ച്)

## ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

## സാമ്പത്തികം

CPTA , BRC (RS : 5000 )

## - **12 - ഭാഷോത്സവം**

## - **ലക്ഷ്യപ്രസ്താവനകൾ**

**- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.**

**- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.**

**- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു**

**- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.**

## **- പ്രവർത്തന ഘട്ടങ്ങൾ**

**-ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.**

**- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.**

**- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു**

**- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു**

**- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.**

**- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.**

**- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.**

**ചുമതല : ക്ലാസ്സ് ടീച്ചർ , CPTA , BRC**

**സാമ്പത്തികം : SRG , CPTA ( RS : 3000 )**

# 13 ഗണിത കേളികൾ

## ലക്ഷ്യപ്രസ്താവനകൾ

**കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു**

**ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു**

**യുക്തിബോധം വളർത്തുന്നു.**

## പ്രവർത്തനങ്ങൾ

**വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.**

**കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)**

**ഡൊമിനോ കളികൾ (വ്യവകലനം)**

**ബോൾ കളി (ഗുണണം)**

**കാലാവധി - ജൂൺ - മാർച്ച്**

## ചുമതലകൾ

**ക്ലാസ് ടീച്ചർ**

**SRG**

## സാമ്പത്തികം

**CPTA ,**

**SSK ( RS : 2000 )**

# 14 ഗണിത കിറ്റ്

## ലക്ഷ്യപ്രസ്താവനകൾ

**ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്**

**ഗണിതം ആസ്വാദ്യകരമാക്കുന്നതിന്**

## പ്രവർത്തനങ്ങൾ

10ന്റെ **കെട്ടുകൾ**, **മഞ്ചാടി**, **പുളിങ്കുരു**, **സ്ട്രോ**, **മുത്തുകൾ**, **സോഡാ കുപ്പിയുടെ അടപ്പുകൾ**, **കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.**

**കാലയളവ് - ജൂൺ - മാർച്ച്**

## ചുമതലകൾ

**ടീച്ചർ**

**രക്ഷിതാവ്**

## സാമ്പത്തികം

**PTA**

**SSK ( RS : 3000 )**

## 15 പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

### പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

### സാമ്പത്തികം

SSK

PTA

( RS : 5000 )

## 16 ലഘു പ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

### പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

### സാമ്പത്തികം

PTA

SSK

(1000)

# <u>17 പരീക്ഷണക്കിറ്റ്</u>

## <u>ലക്ഷ്യപ്രസ്താവനകൾ</u>

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

## <u>പ്രവർത്തനങ്ങൾ</u>

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

**കാലയളവ് - ജൂൺ - മാർച്ച്**

## <u>ചുമതലകൾ</u>

**ക്ലാസ്ടീച്ചർ**

**SRG**

**PTA**

<u>**സാമ്പത്തികം**</u> : **CPTA , SSK**

**( RS : 2000 )**

## 18 രക്ഷിതാക്കൾക്ക് ശില്പശാല

### ലക്ഷ്യപ്രസ്താവന

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠ ഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

### പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തം ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

കാലയളവ്

ജൂലൈ

ഒക്ടോബർ

ജനുവരി

### ചുമതലകൾ

SRG

HM

ക്ലാസ്ടീച്ചർ

### സാമ്പത്തികം

SSK

PTA

(8000)

# 19 വിജയ സ്പർശം

## ലക്ഷ്യ പ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

## പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

## സാമ്പത്തികം

PTA

SSK

(5000)

## 20 പാനീയമേള

### ലക്ഷ്യപ്രസ്താവനകൾ

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്

കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനീകരണമാണെന്ന് തിരിച്ചറിയുന്നതിന്

- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

- പ്രവർത്തനങ്ങൾ

- SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു

### ചുമതലകൾ

ക്ലാസ് ടീച്ചർ

HM

**സാമ്പത്തികം** CPTA ( RS : 1000 )

## 21 ഭക്ഷ്യമേള

**ലക്ഷ്യപ്രസ്താവനകൾ**

**- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.**

**ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ**

**സാമ്പത്തികം : ( RS : 1000 )**

## 22 പലഹാരമേള

**ലക്ഷ്യപ്രസ്താവനകൾ**

**പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്**

**- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാകുന്നതിന്**

**- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.**

**-പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാര മേള സംഘടിപ്പിക്കുന്നു**

**ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ**

**സാമ്പത്തികം : (   RS : 1000 )**

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- 🌸 Respond to simple instructions in the classroom.
- 🌸 Describe orally about the pictures and objects.
- 🌸 Familiarise with simple words.
- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Familiarise the names of birds, animals, their young ones and identifies them from pictures.

June

- 🌸 Introduce symbol words.
- 🌸 Provides picture cards.

July

- 🌸 Identify familiar words.
- 🌸 Say familiar words.
- 🌸 Read familiar words.
- 🌸 Write familiar words.

August

- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Describes orally about pictures and objects using adjectives.

September

- 🌸 Read and write simple words and Simple sentences
- 🌸 Provides picture cards and reading cards.

October

- 🌸 Introduce symbol picture descriptions.
- 🌸 Make word chain, sentence chain.
- 🌸 Make riddles.
- 🌸 Describing words, rhyming words.
- 🌸 Text book activities.

November

- 🌸 Prepare reading cards.
- 🌸 Provide more opportunities to read, right and speak English.
- 🌸 Writes five English words daily.

December

- 🌸 Read and understand simple instructions in the classroom.
- 🌸 Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

🌸 അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
🌸 ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
🌸 താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
🌸 കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
🌸 വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
🌸 രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
🌸 പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
🌸 ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
🌸 അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

🌸 റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
🌸 ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
🌸 സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
🌸 പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
🌸 ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
🌸 എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
🌸 രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
🌸 ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
🌸 ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
🌸 സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
🌸 ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
🌸 അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
🌸 വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
🌸 കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

🌸 വായനോത്സവം സംഘടിപ്പിക്കുന്നു.
🌸 ആസ്വാദ്യകരമായ വായന നടത്തുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
🌸 രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി      ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

🌸 കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
🌸 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
🌸സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
🌸 കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
🌸 ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
🌸കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

🌸 ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
🌸 കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
🌸 സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

🌸 കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
🌸വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
🌸 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

🌸 കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
🌸 കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർട്ടുകളായി മാറ്റിയിട്ടുണ്ട്.
🌸 രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
🌸 കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
🌸 സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
🌸 സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
🌸 സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
🌸 ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
🌸 എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

### ഗണിതം

ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊറ്റ സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.